# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2365** **07.10.2016 ൽ മറുപടി നല്കേണ്ടിയിരുന്നത്**

## തരിശുഭൂമികളിൽ കൃഷിചെയ്യുന്നതിന് പദ്ധതി

| ചോദ്യം<br>**ശ്രീ.എം.സ്വരാജ്** | | മറുപടി<br>**ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
|---|---|---|
| എ) തരിശ് ഭൂമികളിൽ കൃഷി ചെയ്യുന്നതിന് വിശദമായ പദ്ധതി നടപ്പിലാക്കുമോ; വിശദാംശം അറിയിക്കുമോ; | എ) | സംസ്ഥാനത്തെ കൃഷിയോഗ്യമായ തരിശു ഭൂമികൾ മാപ്പിംഗ് നടത്തി നെൽകൃഷിയും പച്ചക്കറി കൃഷിയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ 212.2 ഹെക്ടർ, കോഴിക്കോട് ജില്ലയിൽ 430 ഹെക്ടർ, കോട്ടയം ജില്ലയിൽ 160 ഹെക്ടർ, പത്തനംതിട്ട ജില്ലയിലെ 500 ഹെക്ടർ, വയനാട് 109 ഹെക്ടർ, മലപ്പുറം 250 ഹെക്ടർ, തൃശ്ശൂർ 444.67 ഹെക്ടർ എന്നിവയിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ 2016-17 – ലെ പച്ചക്കറി കൃഷി വികസന പദ്ധതിയിൻ കീഴിൽ തരിശുഭൂമികളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| ബി) തദ്ദേശ സ്ഥാപനങ്ങളുടെയും പൊതുജനങ്ങളുടെയും സഹായത്തോടെ ഈ പദ്ധതി നടപ്പിലാക്കുമോ; | ബി) | തരിശു നിലങ്ങളിൽ കൃഷി പൊതുജനങ്ങളുടെയും തദ്ദേശ സ്ഥാപനങ്ങളുടെയും സഹായ സഹകരണത്തോടെയാണ് നടപ്പിലാക്കി വരുന്നത്. |
| സി) ഇവയ്ക്ക് ആവശ്യമായ സാങ്കേതികവും സാമ്പത്തികവുമായ സഹായങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | സി) | കർഷകർക്ക് തരിശുഭൂമിയിൽ കൃഷി ചെയ്യുന്നതിനുള്ള സാങ്കേതിക സഹായം കൃഷിഭവൻ മുഖേന ലഭ്യമാക്കുന്നു. തരിശുനിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിനായി ഒറ്റത്തവണ സഹായധനമായി ഹെക്ടറിന് 30000/- രൂപ നൽകുന്നതിനുള്ള പദ്ധതി പുതുതായി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ പച്ചക്കറി കൃഷിയ്ക്ക് ഒരു ഹെക്ടറിൽ ഭൂ ഉടമയ്ക്ക് 5000 രൂപയും കൃഷി ചെയ്യുന്ന ആളിന് 25000 രൂപയും ചേർത്ത് ആകെ 30000/- രൂപ ധനസഹായമായി നൽകുന്നു. |

| | | | |
|---|---|---|---|
| ഡി) | കൃഷി ചെയ്യുന്നതിന് പലിശ രഹിത വായ്പ നൽകുന്നതിനും, കൃഷിക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ; | ഡി) | തരിശുഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിന് പലിശരഹിത വായ്പ നൽകിവരുന്നു. പഴം പച്ചക്കറി കൃഷിയ്ക്കും 3 ലക്ഷം രൂപ വരെയുള്ള തുക പലിശ രഹിത വായ്പയായി നൽകാൻ കഴിയുമോയെന്ന കാര്യം പരിശോധിച്ചുവരുന്നു.<br><br>സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം സംസ്ഥാനത്തെ പ്രധാനപ്പെട്ട 25 കാർഷിക വിളകളെ (തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കവുങ്ങ്, ഏലം, കശുമാവ്, കൈതച്ചക്ക, ഇഞ്ചി, മഞ്ഞൾ, മരച്ചീനി, കൊക്കോ, നിലക്കടല, കാപ്പി, തേയില, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങ് വർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല് എന്നീ വിളകൾ) പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രകൃതിക്ഷോഭങ്ങൾ കൊണ്ട് ഉണ്ടാകുന്ന നാശ നഷ്ടങ്ങൾക്കാണ് പദ്ധതിയുടെ സംരക്ഷണം ലഭിക്കുക. |
| ഇ) | ഇങ്ങനെ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് ന്യായമായ വില കർഷകന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ ഇവയുടെ വിശദാംശം അറിയിക്കുമോ ? | ഇ) | നെല്ലിന് ന്യായവില ഉറപ്പ് വരുത്തുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നെല്ല് സംഭരണവും, നാളികേരത്തിന് ന്യായമായ വില ലഭിക്കുന്നതിന് കേരഫെഡിന്റെ സഹകരണ ത്തോടെ കൃഷി ഭവനുകളിലൂടെ പച്ചതേങ്ങ സംഭരണ പദ്ധതിയും നടപ്പിലാക്കി വരുന്നു. റബ്ബർ വിലയിടിവിന് പരിഹാരമായി റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.<br>സംസ്ഥാനത്തെ കൃഷി വകുപ്പിന്റെ കീഴിലുള്ള 6 മൊത്ത വ്യാപാര വിപണികളിലും, 5 ജില്ലാ സംഭരണ വിതരണ കേന്ദ്രങ്ങളിലും, കർഷകർക്ക് കാർഷിക ഉല്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് ലേലം ചെയ്ത് വിപണനം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. പഴം, പച്ചക്കറി കർഷകരുടെ ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിന് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിലിന് കീഴിൽ 14 ജില്ലകളിലുമായി 274 സ്വാശ്രയകർഷക സമിതികൾ പ്രവർത്തിച്ചുവരുന്നു. ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കി ഹോർട്ടികോർപ്പ് കർഷകരിൽ നിന്ന് ഉൽപ്പന്നങ്ങൾ സംഭരിക്കുന്നു |

S. [signature]

**സെക്ഷൻ ഓഫീസർ**